എസ്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യനിർണ്ണയം

37 (1055) ശ്രീ. ജി. സുധാകരൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ഡോ. കെ. ടി. ജലീൽ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യനിർണ്ണയം സംബന്ധിച്ച് ഉയർന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മൂല്യനിർണ്ണയ ക്യാമ്പുകളിലെ അദ്ധ്യാപക ബാഹുല്യവും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും മൂല്യനിർണ്ണയത്തെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മൂല്യനിർണ്ണയം വേഗത്തിൽ തീർക്കുന്നതിന് എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത് ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത് ; ഇത് സംബന്ധിച്ച സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) എസ്.എസ്.എൽ.സി. ഫലം പ്രഖ്യാപിക്കുന്നതിലുണ്ടായ തിടുക്കം മൂല്യനിർണ്ണയത്തിന്റെ നിലവാരം കുറയാൻ കാരണമായതായി വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആക്ഷേപങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മൂല്യനിർണ്ണയ ക്യാമ്പുകളുടെ തുടക്കത്തിൽ ഇപ്രകാരമുള്ള ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത് പരിഹരിക്കുവാൻ എല്ലാ ജില്ലകളിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുകയും അവ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മൂല്യനിർണ്ണയം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നേരത്തെതന്നെ തീരുമാനങ്ങളെടുത്തിരുന്നു. അത് സംബന്ധിച്ച് പുറപ്പെടുവിച്ച പൊതു നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.

(ഡി) മുൻകൂട്ടി നിശ്ചയിച്ച സമയത്തുതന്നെയാണ് 2015-ലെ എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം നടത്തിയത്. 2015 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ ഉത്തര കടലാസുകളുടെ മൂല്യനിർണ്ണയത്തിൽ യാതൊരു നിലവാര തകർച്ചയും സംഭവിച്ചിട്ടില്ല. മൂല്യനിർണ്ണയം നടത്തിയശേഷം മാർക്കുകൾ എൻട്രി വരുത്തിയതുമായി ബന്ധപ്പെട്ട സാങ്കേതിക തകരാറുകളാണ് ഉണ്ടായിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly